>> മുഖക്കുറിപ്പ്

# ആസ്ത്രേലിയയിൽ വർണവിവേചനം

**കുറച്ചു** നാളായി ആസ്ത്രേലിയയിൽ ഇന്ത്യൻ വിദ്യാർഥികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അപലപനീയവും ഒപ്പം ഉത്കണ്ഠാജനകവുമാണ്. ലോകത്തെ ഏറ്റം പരിഷ്കൃതവും വികസിതവും സമ്പന്നവുമായ രാഷ്ട്രങ്ങളുടെ ഗണത്തിൽപെട്ട ആസ്ത്രേലിയ പതിറ്റാണ്ടുകളായി ഇന്ത്യക്കാർ ഉപരിപഠനത്തിന് അവലംബിക്കുന്ന മുഖ്യ വിദേശ രാജ്യങ്ങളിലൊന്നാണ്. ഒരു ലക്ഷത്തോളം ഇന്ത്യൻ വിദ്യാർഥികൾ ഇപ്പോൾ ആസ്ത്രേലിയയിൽ പഠനം നടത്തുന്നുണ്ട്. ഈവകയിൽ ആ രാജ്യത്തിന് ആയിരക്കണക്കിൽ കോടികളുടെ വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നു. ആസ്ത്രേലിയയിൽ തൊഴിലെടുത്തും ബിസിനസുകളിലേർപ്പെട്ടും കഴിയുന്ന ഇന്ത്യക്കാരുടെ സംഖ്യയും ചെറുതല്ല. ആസ്ത്രേലിയൻ സമൂഹത്തിനും ഇന്ത്യക്കാർക്കുമിടയിൽ സാമാന്യം നല്ല ബന്ധമാണ് ഇതുവരെ നിലനിന്നിരുന്നത്. പക്ഷേ, ഈയിടെയായി വന്നുകൊണ്ടിരിക്കുന്നത് സംഘർഷത്തിന്റെ വാർത്തകളാണ്.

കഴിഞ്ഞ ഒരു മാസത്തിനിടെ മാത്രം ഇന്ത്യൻ വിദ്യാർഥികൾക്കെതിരെ 20 വംശീയാക്രമണങ്ങൾ നടന്നുവെന്ന്, ഇന്ത്യൻ വിദ്യാർഥികളുടെ അരക്ഷിതാവസ്ഥക്ക് പരിഹാരം കാണാൻ ഇന്ത്യൻ കോൺസലേറ്റ് രൂപംനൽകിയ സമിതിയുടെ അധ്യക്ഷൻ ഡോ. യുസിക്ക് പറയുന്നു. ഒരു വിദ്യാർഥി കൊല്ലപ്പെട്ടു. കുറെ പേർ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലായി. നിരവധി വിദ്യാർഥികളുടെ താമസസ്ഥലങ്ങളും കാറുകളും അഗ്നിക്കിരയായി. മെൽബണിലും സിഡ്നിയിലുമാണ് കൂടുതൽ അതിക്രമങ്ങൾ അരങ്ങേറുന്നത്. ഇന്ത്യൻ വിദ്യാർഥികൾ പൊതുവിൽ തങ്ങളുടെ പഠനവും ഭാവിയും അവതാളത്തിലാകുന്നു എന്ന പരിഭ്രമത്തിലാണ്. ചിലർ പഠനം ഉപേക്ഷിച്ച് നാട്ടിലേക്ക് തിരിച്ചു. കത്തിക്കുത്തിൽനിന്ന് തലനാരിഴക്ക് രക്ഷപ്പെട്ട ഇന്ത്യൻ വിദ്യാർഥി ബൽജീന്ദ്ര സിംഗ് ആസ്ത്രേലിയയിൽ വിദ്യാഭ്യാസം സ്വപ്നംകാണുന്ന ഇന്ത്യക്കാരെ ഉപദേശിക്കുന്നതിങ്ങനെയാണ്: “ദയവായി ഇവിടേക്ക് വരരുതേ, ഇവിടെ ജീവിക്കാൻ കൊള്ളില്ല.” വംശീയ അതിക്രമങ്ങൾക്കെതിരെ ഇന്ത്യൻ വിദ്യാർഥികൾ മെൽബണിലും സിഡ്നിയിലും പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. സിഡ്നിയിൽ അവർ അക്രമികളെ തിരിച്ചടിച്ചതായും റിപ്പോർട്ടുണ്ട്.

ആസ്ത്രേലിയയിൽ നടക്കുന്നത് വംശീയ അതിക്രമങ്ങളല്ല, ക്രിമിനലുകളുടെ വിക്രിയകളാണ് എന്നത്രെ ആസ്ത്രേലിയൻ അധികൃതർ അവകാശപ്പെടുന്നത്. പക്ഷേ വംശവിരോധമല്ലാത്ത മറ്റൊരു കാരണവും ഈ അക്രമത്തിന് പിന്നിൽ ചൂണ്ടിക്കാണിക്കാൻ അവർക്കാവുന്നില്ല. എന്നാൽ തങ്ങൾ നേരിടുന്നത് വംശീയ ആക്രമണം തന്നെയാണെന്നും അക്രമികൾ ഉതിർക്കുന്ന വംശീയ അധിക്ഷേപങ്ങൾ അതിന്റെ അനിഷേധ്യമായ തെളിവാണെന്നും ഫെഡറേഷൻ ഓഫ് ഇന്ത്യൻ സ്റ്റുഡന്റ്സ് ഓഫ് ആസ്ത്രേലിയ (ഫിസ) ഉറപ്പിച്ചു പറയുന്നു. പാശ്ചാത്യ സമൂഹങ്ങളിൽ പഴയ വർണ ഡംഭും യജമാനത്ത ഗർവും തിരിച്ചുവരവിന്റെ ലക്ഷണങ്ങൾ കാണിച്ചുതുടങ്ങിയിട്ട് കുറച്ചുകാലമായി. ആദ്യം മുസ്‌ലിംവിരോധത്തിന്റെയും ഇസ്‌ലാമോഫോബിയയുടെയും രൂപത്തിലാണത് പ്രത്യക്ഷപ്പെട്ടത്. ഏതാനും മാസങ്ങൾക്ക് മുമ്പ് മുഹമ്മദ് ഹനീഫ് എന്ന യുവ ഇന്ത്യൻ ഡോക്ടർക്കെതിരെ ആസ്ത്രേലിയൻ സർക്കാർ കൈക്കൊണ്ട പീഡന നടപടികൾ അനുസ്മരണീയമാണ്. ഇപ്പോഴത് മൊത്തം ഇന്ത്യൻ വിദ്യാർഥികൾക്കെതിരെയുള്ള വിദ്വേഷമായി വികസിച്ചിരിക്കുകയാണ്. നാളെ അത് മറ്റു ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ളവർക്കെതിരെയും വളരുമെന്ന് ആശങ്കിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് വംശീയാതിക്രമത്തിനെതിരെ ഇന്ത്യൻ വിദ്യാർഥികൾ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനത്തിൽ ഇതര ഏഷ്യൻ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികളും പങ്കെടുത്തത്.

ഇന്ത്യയുടെ വിദേശനയത്തിൽ ആസ്ത്രേലിയക്ക് സമുചിതമായ സ്ഥാനമാണുള്ളത്. ഉഭയകക്ഷി ബന്ധങ്ങളിൽ പ്രസ്താവ്യമായ അസ്വാരസ്യങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. രാജ്യത്തിന്റെ പുതിയ ആണവപദ്ധതികളിൽ ആസ്ത്രേലിയയുടെ സഹകരണം ഏറെ പ്രധാനമാണ്. എന്നിട്ടും അവിടെ ഇന്ത്യക്കാരോട് വംശീയ സ്പർധ വളരുന്നതെന്തുകൊണ്ടാണെന്ന് നമ്മുടെ വിദേശ മന്ത്രാലയം ഗൗരവപൂർവം പഠിക്കേണ്ടതാണ്. ആ രാജ്യത്തെ സാധാരണക്കാരെ ഇന്ത്യക്കാരോടുള്ള വിദ്വേഷം ആവേശിക്കുന്നു എന്നത് നിസ്സാരമോ യാദൃഛികമോ ആയ കാര്യമല്ല. പെട്ടെന്ന് വളർന്ന് വരുന്നതുമല്ല, ഇത്തരമൊരു സാമൂഹിക പ്രവണത. ഉടൻ തന്നെ മൂലകാരണം കണ്ടെത്തി പരിഹരിച്ചില്ലെങ്കിൽ അത് കൂടുതൽ ആപത്കരമായ തലങ്ങളിലേക്ക് വളരും.

ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്.എം കൃഷ്ണ ആസ്ത്രേലിയൻ ഹൈകമീഷണർ ജോൺ മെക്കാർത്തിയെ വിളിച്ചുവരുത്തി സംഭവത്തിൽ രാജ്യത്തിന്റെ ഉത്കണ്ഠ അറിയിച്ചിട്ടുണ്ട്. പ്രധാനമന്ത്രി മൻമോഹൻ സിംഗ് ആസ്ത്രേലിയൻ പ്രധാനമന്ത്രി കെവിൻ റൂഡുമായി ഫോണിൽ ബന്ധപ്പെട്ട് ഇന്ത്യൻ വിദ്യാർഥികളുടെ സുരക്ഷിതത്വത്തിനാവശ്യമായ നടപടികളെടുക്കാൻ ആവശ്യപ്പെടുകയുണ്ടായി. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് പ്രവാസികാര്യ മന്ത്രി വയലാർ രവിയും പ്രസ്താവിച്ചിരിക്കുന്നു. ആസ്ത്രേലിയയിലെ ഇന്ത്യൻ കോൺസലേറ്റും പ്രശ്നത്തിൽ സജീവമായി ഇടപെടുന്നുണ്ടെന്നാണ് റിപ്പോർട്ട്. ഇന്ത്യൻ വിദ്യാർഥികൾ നേരിടേണ്ടിവന്ന പീഡനത്തിൽ ആസ്ത്രേലിയൻ പ്രധാനമന്ത്രി ക്ഷമാപണം നടത്തുകയും മേലിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തിരിക്കുന്നു. പക്ഷേ, ഇതെഴുതുമ്പോഴും സ്ഥിതിഗതികൾക്ക് കാര്യമായ മാറ്റമുണ്ടായിട്ടില്ല. എന്നല്ല, ഇന്ത്യൻ വിദ്യാർഥികൾക്ക് സുരക്ഷിതത്വം ഉറപ്പു നൽകാനാവില്ലെന്നും അവർക്ക് വേണമെങ്കിൽ പഠനം തുടരാൻ മറ്റെവിടെയെങ്കിലും പോകാമെന്നുമാണ് ആസ്ത്രേലിയൻ യൂനിവേഴ്സിറ്റികൾ അറിയിച്ചിരിക്കുന്നത്.

ആസ്ത്രേലിയ പോലെ പരിഷ്കൃതവും വികസിതവുമായ ഒരു രാജ്യത്തിനുപോലും വർണവിവേചനത്തിന്റെയും വംശീയ സ്പർധയുടെയും പൈശാചികതയെ ജനജീവിതത്തിൽനിന്ന് തുടച്ചുനീക്കാനായിട്ടില്ല എന്നാണ് സംഭവഗതികൾ സൂചിപ്പിക്കുന്നത്. തങ്ങൾ മനുഷ്യസമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും സാക്ഷാത്കരിച്ചു കഴിഞ്ഞു എന്ന പാശ്ചാത്യ അവകാശവാദത്തെ ഇത് നിഷ്പ്രഭമാക്കുന്നു. മാനുഷിക സമത്വം ഒരു മൗലിക സത്യമായി ഇന്നും പല സമൂഹങ്ങളും അംഗീകരിച്ചിട്ടില്ല. ഒരു രാഷ്ട്രതന്ത്രമോ വികസന തന്ത്രമോ ആണവർക്കത്. മനുഷ്യരൊക്കെയും ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും അവർക്കിടയിലുള്ള വർണപരവും വംശപരവുമായ വൈജാത്യങ്ങൾ തിരിച്ചറിയപ്പെടുന്നതിനുള്ള അടയാളങ്ങൾ മാത്രമാണെന്നുമുള്ള ആശയം ഒരു അടിസ്ഥാന യാഥാർഥ്യമായി അംഗീകരിക്കുന്ന സമൂഹങ്ങൾക്കേ വർണ ഡംഭിൽനിന്നും വംശീയ വിവേചനത്തിൽനിന്നും പൂർണമായി മുക്തരാവാൻ കഴിയൂ. ■